For Agricultural Implements, Hospital/ School Furnitures, Fabricated Bunk for the handicapped, Tractor Trailer, Wheel Barrows, Waste Bin, Push Cart etc.
Contact:
THE METAL INDUSTRIES
(A Govt. of Kerala Undertaking)

# മാതൃഭൂമി

ക്രോംപ്ടൺ പമ്പുസെറ്റുകൾ
വൈദ്യുതി ലാഭത്തിലും No.1
Ministry of Power, Govt. of India
Crompton Greaves
EVERYDAY SOLUTIONS

2009 സപ്തംബർ 16 ബുധനാഴ്ച
Mathrubhumi, The National Daily in Malayalam
Kozhikode • Kochi • Thiruvananthapuram • Thrissur • Kannur • Kottayam • Malappuram • Kollam • Palakkad • Mumbai • Chennai • Bangalore • Delhi
കോട്ടയം • പേജ് 14 • വില രൂപ 4.00
www.mathrubhumi.com

# വൈകല്യങ്ങൾ ഇപ്പോൾ വെല്ലുവിളികളല്ല; മനസ്സിൽ നിറമുള്ള സ്വപ്നങ്ങൾ മാത്രം

**തൊടുപുഴ:** ശാരീരികവൈകല്യങ്ങളെ മനഃശക്തികൊണ്ട് അതിജീവിക്കാൻ കരുത്തുനേടിയതിന്റെ ചാരിതാർത്ഥ്യവുമായി മുപ്പത് യുവതീയുവാക്കൾ.

വഴിത്തല ശാന്തിഗിരി കോളേജിന്റെ സഹകരണത്തോടെ യു.എ.ഇ. കേന്ദ്രമായി പ്രവർത്തിക്കുന്ന 'സപ്പോർട്ട് ലിങ്ക്' എന്ന സ്ഥാപനത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ പ്രത്യേക പരിശീലന പരിപാടിയിലൂടെയാണ്, ശാരീരികവൈകല്യമുള്ള മുപ്പത് യുവതീയുവാക്കൾ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവന്നത്. വിധിസമ്മാനിച്ച വൈകല്യങ്ങൾക്കപ്പുറം കഴിവുകൾ വീണ്ടെടുക്കാൻ ഓരോരുത്തരെയും സഹായിച്ച് അതിലൂടെ സമൂഹത്തിനായി പലതും ചെയ്യാൻ കഴിവുള്ള പൗരന്മാരായി രൂപപ്പെടുത്തുകയായിരുന്നു, 'പ്രോജക്ട് മി' എന്ന ഒരുവർഷം നീണ്ടുനിന്ന പദ്ധതിയുടെ ലക്ഷ്യം.



വഴിത്തല ശാന്തിഗിരി കോളേജിലെ 'പ്രോജക്ട് മി' പദ്ധതിയുടെ ഭാഗമായി പരിശീലനം നടത്തുന്നവർ ഫാക്കൽറ്റി അംഗവുമായി ആശയങ്ങൾ പങ്കുവയ്ക്കുന്നു

സംസ്ഥാനത്തുനിന്ന് ഒട്ടാകെ 30 പേരെയാണ് പദ്ധതിക്കായി തിരഞ്ഞെടുത്തത്. വിവിധ ജീവിതസാഹചര്യങ്ങളിൽനിന്നെത്തിയവരായിരുന്നു മുപ്പതുപേരും. തികച്ചും അപരിചിതർ. പ്രായത്തിലുമുണ്ടായിരുന്നു ഒട്ടേറെ വ്യത്യാസം. 18 മുതൽ 35 വയസ്സുവരെയുള്ളവർ. പത്താംക്ലാസ് കടന്നവരായിരുന്നു എല്ലാം. ചിലർ ബിരുദധാരികളും. ഒരാൾ ബിരുദാനന്തരബിരുദധാരിയും.

2008 ആഗസ്റ്റ് 25നാണ് ഈ മുപ്പതുപേർ വഴിത്തല ശാന്തിഗിരി കോളേജിൽ ഒത്തുകൂടിയത്. ശാരീരികവൈകല്യങ്ങൾ തളർത്തിയ മനസ്സിനെ അവർ സാവകാശം ശക്തിപ്പെടുത്തി. അതിനുള്ള പരിശീലനങ്ങളാണ് പദ്ധതിയുടെ ഭാഗമായി ആദ്യം നൽകിയത്. ആശയവിനിമയശേഷി വർദ്ധിപ്പിക്കാനും വ്യക്തിത്വവികസനത്തിനും സഹായിക്കുന്ന പരിശീലനത്തിനായിരുന്നു തുടക്കത്തിൽ പ്രാധാന്യം. ചെറിയ ചെറിയ പരിപാടികൾ ആസൂത്രണം ചെയ്തും സംഘടിപ്പിച്ചും അവർ ജീവിതത്തിന്റെ മുൻനിരയിലേക്ക് കടന്നുവന്നു. ഇതോടൊപ്പം ബിസിനസ്സ് മാനേജ്മെന്റ്, കമ്പ്യൂട്ടർ, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ഇവന്റ് മാനേജ്മെന്റ് എന്നീ രംഗങ്ങളിലും ഇവർ പരിശീലനം നേടി.

ഒരു വർഷത്തിനിപ്പുറം ഈ മുപ്പതുപേരുടെയും മുഖത്ത് ആത്മവിശ്വാസത്തിന്റെ നിറചിരിയാണിപ്പോൾ. ഇതോടൊപ്പം സാമ്പത്തിക സ്വയംപര്യാപ്തത ലക്ഷ്യമിട്ട് 'ബി സ്ലിപ്സ്' എന്ന ഒരു പോർട്ടലും ഇവർ സ്വന്തം നിലയിൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. തൊഴിൽ തേടുന്നവരെ അവസരങ്ങൾ അറിയിക്കുക എന്നതാണ് പോർട്ടലിലൂടെ ചെയ്യുന്നത്.

സപ്പോർട്ട് ലിങ്ക് എന്ന മാനവശേഷി വികസന സ്ഥാപനത്തിന്റെ തലവനായ തൊടുപുഴ സ്വദേശി സജി ഇട്ടൂപ്പ് തോമസിന്റെ മനസ്സിലുദിച്ച ആശയമാണ് ശാന്തിഗിരി കോളേജിൽ വിജയകരമായി നടപ്പാക്കിയത്. ശാരീരികമായ വൈകല്യങ്ങൾ ഉള്ളവർക്കായി പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കുന്ന ശാന്തിഗിരി കോളേജിൽ പദ്ധതി നടപ്പാക്കുന്നതിനെ പ്രിൻസിപ്പൽ ഫാ.പോൾ പാറക്കാട്ടേൽ സ്വാഗതം ചെയ്യുകയായിരുന്നു. ഇവർക്കൊപ്പം പ്രിയ റോസ് സെബാസ്റ്റ്യൻ, സിന്ധുമോൾ തുടങ്ങിയവരടക്കം പതിനൊന്നംഗസംഘം ശാരീരിക വൈകല്യമുള്ളവരെ ജീവിതത്തിലേക്ക് കൊണ്ടുവരാൻ ഒത്തുചേർന്നു.